7.	തൃശൂർ	..	വാടാനപ്പള്ളി
8.	മലപ്പുറം	..	താനൂർ
9.	കോഴിക്കോട് സിറ്റി	..	ബേപ്പൂർ
10.	കോഴിക്കോട് റൂറൽ	..	പയ്യോളി
11.	കണ്ണൂർ	..	കണ്ണൂർ സിറ്റി
12.	കാസർകോട്	..	ബേക്കൽ

തീരപ്രദേശങ്ങളിലെ രക്ഷാപ്രവർത്തനത്തിന് 'വയർലസ് ശൃംഖല' രൂപവൽക്കരിക്കാൻ നടപടി

49 (4484) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരപ്രദേശങ്ങളിലെ രക്ഷാപ്രവർത്തനത്തിന് 'വയർലെസ് ശൃംഖല' രൂപവൽക്കരിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(ബി) 'വയർലെസ് ശൃംഖല' ഏർപ്പെടുത്തുകവഴി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എങ്ങനെ പ്രയോജനം ലഭിക്കുമെന്ന് അറിയിക്കാമോ ;

(സി) ഇതു സംബന്ധിച്ച് പ്രാഥമിക ആലോചനകൾ നടന്നിട്ടുണ്ടോ എന്ന് പറയാമോ ;

(ഡി) 'വയർലസ് ശൃംഖല' രൂപവൽക്കരിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ ജില്ലകളെയും തലസ്ഥാന നഗരിയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഓഫീസുകളുമായി ബന്ധപ്പെടുത്തി വയർലെസ് ശൃംഖല സ്ഥാപിക്കുവാൻ പദ്ധതിയുണ്ട്. ഇതിന്റെ ഒന്നാംഘട്ടം തിരുവനന്തപുരം മുതൽ എറണാകുളം വരെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മത്സ്യബന്ധന പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾക്ക് കടലിൽ വച്ച് ആശയവിനിമയം നടത്തുവാനും അപകടത്തിൽപ്പെട്ടാൽ ആ വിവരം മറ്റ് മത്സ്യത്തൊഴിലാളികളെയും, തീരപ്രദേശത്ത് പ്രവർത്തിക്കുന്ന മത്സ്യവകുപ്പ്, പോലീസ് ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ, കോസ്റ്റുഗാർഡ്, നേവി എന്നിവരെ അറിയിക്കുവാനും രക്ഷാപ്രവർത്തനം നടത്തുവാനും ഈ സംവിധാനം പ്രയോജനപ്പെട്ടുവരുന്നു.

(സി) വിശദമായ ചർച്ചകൾ നടത്തി പദ്ധതിയുടെ വിജയസാദ്ധ്യത വിലയിരുത്തിയശേഷമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) 127 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly